# <u>പൊരിവെയിലിന്റെ തണലത്ത്</u>

ഇന്ന് ആറാമത്തെ സിറ്റിങ്ങായിരുന്നു. ആറു യുഗങ്ങൾ…. വയ്യ…. തല പൊളിയുന്നു… ഇനി എനിക്കിതു താങ്ങാനാവില്ല.

ഒരേ പല്ലവി ആവർത്തിച്ചു പദേശിച്ചുകൊണ്ടിരുന്നാൽ അതിനെയാണോ കൌൺസിലിങ്ങ് എന്നു വിളിക്കേണ്ടത് ? ഒരു രക്ഷകൻ വന്നിരിക്കുന്നു…..! മനുഷ്യന് പ്രശ്നങ്ങളുണ്ടാവില്ലേ? ചിലപ്പോഴെങ്കിലും ഒരു തണലിനാഗ്രഹിക്കില്ലേ ? അതല്ലേ ഞാനും ചെയ്തത്? അതിലൊരു അടിമത്തത്തിന്റെ എലമെന്റ് കണ്ടാൽ അതൊരിക്കലും ശരിയായ നടപടിയല്ല. ഞാൻ ഇപ്പോളും കരുതുന്നത് കൌൺസിലിങ്ങ് ഒരു സപ്പോർട്ടാണെന്നാണ് ; ഡിക്റ്റേഷൻ ആണെന്നല്ല.

അയാളെ കാണാൻ തോന്നിയതു തന്നെ തെറ്റായിപ്പോയി. വേറെ എത്രപേരുണ്ടായിരുന്നു…. എന്താണയാളെ തെരഞ്ഞെടുക്കാൻ കാരണം ? വലിയ പേരുണ്ടെന്നുള്ളതോ…? ആ നശിച്ച നേരത്ത് അയാളുടെ പേരു മാത്രമേ തോന്നിയുള്ളല്ലോ..!! ഒരാളോടൊന്നഭിപ്രായം ചോദിക്കാൻ ; അതിനു ഞാനാരോടു ചോദിക്കും…? ആരോടാണിതുവരെ എന്തെങ്കിലും ചോദിച്ചിട്ടുത്..- ശ്യാമയോടാല്ലാതെ….?

ശ്യാമേ… എന്റെ ശ്യാമേ…

എന്റെ ‘എന്നെ’യും കൊണ്ടാണീ പടിയിറങ്ങിയതെന്ന് നീ അറിയുന്നുണ്ടോ… ? നിന്റെ മേശവലിപ്പിൽ പല പുസ്തകങ്ങൾക്കിടയിൽ നീ സൂക്ഷിച്ച മയില്പ്പീലികളുടെ എണ്ണം എങ്ങനെ കുറഞ്ഞുവെന്ന് നിനക്കിപ്പോഴുമറിയില്ലല്ലോ.. ! ചുറ്റും കുന്നിക്കുരു പതിപ്പിച്ച, നിന്റെ പേരെഴുതിയ മഞ്ഞപ്പതക്കം ആരെടുത്തുവെന്നു നിനക്കറിയില്ലല്ലോ.. ! മൈസൂർ കൊട്ടാരത്തിനു മുൻപിൽ വച്ചെടുത്ത നിന്റെ ഫോട്ടോ ഞാനെടുത്തിരിക്കും എന്നു നീ വിചാരിച്ചില്ലല്ലോ….! നീ എന്റെ ‘എന്നെ’ അറിഞ്ഞില്ലല്ലോ..!

എനിക്കിതു വയ്യ ശ്യാമേ… നിന്നെ മറക്കാൻ വേണ്ടി ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന കൌൺസിലിങ്ങ്, നിന്നെ എന്റെ മുന്നിൽ നിറക്കുകയാണ്. നിനക്കേറ്റവുമിഷ്ടപ്പെട്ട , ചൈനീസ് ചിത്രപ്പണികൾ ചെയ്ത അതേ കറുത്ത സാരിയിലായിരുന്നു ഇന്നു മുഴുവൻ നീ… ജായ്ക്കറ്റ് ഇസ്തിരിയിടുമ്പോൾ പഫ് വലിച്ചു പിടിക്കണമെന്ന് ഞാൻ നിന്നോടു പറഞ്ഞിട്ടുതല്ലേ? പിന്നെയെന്താണങ്ങനെ ചെയ്യാത്തത് ? കഴുത്ത് അധികം താഴ്ത്തി വെട്ടിയാൽ നിനക്കതു ഭംഗിയല്ലെന്നു മനസ്സിലാക്കൻ ഇത്രക്കു ബുദ്ധിമുട്ടുണ്ടോ..?

അയാൾക്കു നിന്നെ ഒന്നും ചെയ്യാൻ പറ്റുന്നില്ല ശ്യാമേ… നിന്റെ പേരു പോലും മായ്ക്കാനയാൾക്കു കഴിഞ്ഞില്ല. ഇന്നയാൾ പറയുകയായിരുന്നു.. കെട്ടിക്കിടക്കുന്ന വെള്ളത്തിന് ചീച്ചൽ വരാൻ എളുപ്പമാണെന്ന്… ഞാൻ വീണ്ടും ഫുട്ബോൾ കളിക്കണമെന്ന്…. ഞാൻ കളിക്കുമോ ശ്യാമേ… അന്നു നിന്റെ മുഖത്തുകൊണ്ടു മൂക്കിൽനിന്നു ചോരവന്നതിനു ശേഷം എന്നെങ്കിലും ഞാനാ പന്തു തൊടുന്നതു നീ കണ്ടിട്ടുണ്ടോ..? എന്റെ മുറിയിലൊട്ടിച്ചിരുന്ന റൊമാരിയോയുടെ ചിത്രം പെട്ടെന്നില്ലാതായത് എന്താണെന്നു നിനക്കറിയാമായിരുന്നോ…?

വലിയപറമ്പിൽ, ഗ്രൌണ്ടിന്റെ കിഴക്കേ മൂലയിൽ വച്ച് ഞാനന്നു തല്ലു കൂടിയതിൽ നിനക്കൊരു പങ്കുമില്ല.. പക്ഷേ അന്നു നീയെന്നെ പിടിച്ചുമാറ്റി സമാധാനപ്പെടുത്തിയതിനു ശേഷം ഇന്നോളം ഞാനുണ്ടാക്കിയ ഓരോ അടിയും നിനക്കു വേണ്ടിയായിരുന്നു… നിന്റെ പേരിലായിരുന്നു.

നിന്റെ ബെസ്റ്റ് ഫ്രണ്ടിനു ബർത്ത്ഡേ പ്രസന്റു കൊടുക്കാൻ വേണ്ടി എന്നോടു കെഞ്ചി വാങ്ങിച്ച ആ ടെഡി ബെയർ , സത്യത്തിൽ നിനക്കുള്ള എന്റെ പിറന്നാൾ

സമ്മാനമായിരുന്നു. ഡയറിയെഴുതാൻ തുടങ്ങിയതുമുതലിന്നു വരെ നിന്റെ കണ്ണില്പ്പെടാതെ സൂക്ഷിച്ച ഇതടക്കമുള്ള ഒരോന്നും നിന്റെ പേരിൽ തുടങ്ങിയതുമവസാനിച്ചതും നിന്നെയോർത്തു സ്വപ്നം കണ്ടതും നെടുവീർപ്പിട്ടതും തേങ്ങിയതും നീയറിയാതെ ഞാൻ കാത്തു. ശ്യാമേ.... ഇനി വയ്യ....

എന്റെ എന്നെ എനിക്കു തിരിച്ചു തരൂ ശ്യാമേ.... നിന്നോടൊപ്പം പടിയിറങ്ങിയ എനിക്കുവേണ്ടി ഞാൻ എന്തു ചെയ്യണമെന്നിനിയുമറിയാതെ നില്ക്കുകയാണ്.എന്നോടു നിനക്കലിവു തോന്നില്ലേ.....?

നിന്നോടിഷ്ടം തോന്നിയത് ഒരു തെറ്റാണെന്ന് ഇനിയും എനിക്കു ബോദ്ധ്യമായിട്ടില്ല. നിനക്കറിയുമോ ശ്യാമേ... ഈജിപ്തിലെ ഫറവോമാർ സ്വന്തം പെങ്ങന്മാരെ കല്യാണം കഴിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലും സ്പെയിനിലും അതു നടന്നിട്ടുണ്ട്. അതു പക്ഷേ രാജ്യാവകാശം കൈമാറിപ്പൊകാതിരിക്കാനുള്ള രാഷ്ട്രീയപോംവഴി മാത്രമായിരുന്നു. സാന്താളനായ കോറയെപ്പോലെ വധുവിനെ കണ്ടെത്താൻ നട്ടുവളർത്തിയ ചെടിയിലെ ആദ്യപുഷ്പം ചൂടിയതുകൊണ്ടായിരുന്നില്ല ഞാൻ നിന്നെ സ്നേഹിച്ചത്. ആദത്തിനെ പിടികൂടിയ സാത്താൻ എന്നെയും പിടികൂടിയിട്ടുണ്ട് എന്നു നിനക്കെന്നെങ്കിലും തോന്നിയിട്ടുണ്ടോ..? സഹോദരീ ഭർതൃത്വം ഒരാചാരമായി കൊണ്ടുനടന്ന ഇൻകരും പൊഹാലികളും എനിക്കെന്നും കഥാപാത്രങ്ങൾ മാത്രമായിരുന്നു . ഗർഭപാത്രത്തിൽ വച്ചു രതിയിലേർപ്പെട്ടുവെന്ന വിശ്വാസത്തിൽ വിവാഹിതരാകാൻ നമ്മൾ ബാലിയിൽ ജനിച്ച ഇരട്ടക്കുട്ടികളുമായിരുന്നില്ല.. എന്റെ സ്നേഹത്തിനു സ്നേഹത്തിന്റെ നിർവചനം മാത്രമേ ഞാൻ കാണുന്നുള്ളൂ.... അതിൽ തെറ്റുണ്ടെന്നു നിനക്കു തോന്നുന്നുണ്ടോ..?

നിന്റെ പ്രേമം അച്ഛനുമമ്മയുമെതിർത്തപ്പോൾ ഒരാശ്വാസത്തിനു നീയെന്റെ മുന്നിൽ വന്നു. എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു. നീയറിഞ്ഞില്ലല്ലോ ശ്യാമേ, ഞാനപ്പോൾ പുണർന്നത് എന്റെ പ്രാണനെയാണെന്ന്..!

ശ്യാമേ... എന്റെ എന്നെ നീ കൊണ്ടുപോയിട്ടും ആ എന്നെ നീ മനസ്സിലാക്കാഞ്ഞതെന്തേ? പെങ്ങളെ പ്രേമിക്കുന്നവനു വിധിച്ച നരകം എനിക്കു പറഞ്ഞിട്ടുള്ളതല്ല. കാരണം ഞാൻ നിന്നെ പ്രേമിച്ചത് നിന്നിലലിഞ്ഞുചേർന്നിട്ടായിരുന്നു. കോളേജിൽ നിനക്കറിയാത്ത ഒരു സുഹൃത്തെങ്കിലും എനിക്കുണ്ടായിരുന്നോ ? നിന്റെ അംഗീകാരമില്ലാത്ത ആരെങ്കിലും എന്റെ സുഹൃത്തായിരുന്നോ ? ഞാൻ മലയാളം പഠിച്ചത് നിനക്കു കവിതകൾ കേൾക്കുവാൻ വേണ്ടി മാത്രമായിരുന്നില്ലേ..?

കല്ലിക്കടവിൽ നിന്നെ ഞാൻ നീന്തൽ പഠിപ്പിക്കാറുള്ളത് നിനക്കോർമ്മയുണ്ടോ.. ? അന്നു നീയെന്റെ വെറും പെങ്ങളായിരുന്നു. നീയെന്റെ എല്ലാമെല്ലാമാകാൻ തുടങ്ങിയത് എന്നാണെന്നും എങ്ങനെയാണെന്നും ഇപ്പോഴും എനിക്കറിയില്ല. അന്നാ തുലാമഴയത്തു നനഞ്ഞൊട്ടിയ നീ കോലായിലേക്കോടിക്കയറുമ്പോൾ ഞാൻ വരച്ചു തുടങ്ങിയത് എന്താണെന്നു നീ എപ്പോളും ചോദിക്കാറില്ലേ... അന്നു ഞാൻ വരച്ചുതുടങ്ങിയത്... അന്നു തൊട്ടിന്നോളം ഞാൻ വരച്ചതെല്ലാം എന്റെ പ്രാണനെയായിരുന്നു.. ആ വരകൾ കോറി വീണത് പുസ്തകത്താളുകളിന്മേൽ മാത്രമായിരുന്നില്ല....

നിനക്കൊരു രഹസ്യമറിയുമോ ശ്യാമേ.. ? കോളേജിൽ പോകാൻ തുടങ്ങിയതിനു ശേഷം എത്ര തവണ നീയെന്റെ കുളിമുറിയിൽ കുളിച്ചിട്ടുണ്ടെന്ന്.. ? കുളിമുറിവാതിലിന്റെ ഇടത്തുവശത്തു സോപ്പുപെട്ടിയുടെ പിന്നിൽ ഞാൻ മാർക്കുചെയ്തതും നിന്റെ പ്രേമം എതിർക്കപ്പെട്ടപ്പോൾ എന്റെ മുറിയിൽ നിന്നിറങ്ങാതെ നീ വാശിപിടിച്ചിരുന്ന മൂന്നു ദിവസത്തേതും കൂട്ടി മുപ്പത്തേഴു തവണ …! എന്റെ പ്രാണന്റെ പുറം അത്രയും തവണ കണ്ടിട്ടും അകം കാണൻ എനിക്കു കഴിഞ്ഞില്ലല്ലോ.....

ഇന്നെനിക്കയാളോടു വന്ന ദേഷ്യം ചില്ലറയല്ല. നിനക്കറിയുമോ.. , നിന്റെ കല്യാണ ദിവസങ്ങളിലെപ്പോഴെങ്കിലും ചിരിക്കാത്ത മുഖവുമായി എന്നെ നീ കണ്ടോ.. ? സങ്കടത്തിന്റെ അതിർവരമ്പുകൾ പൊട്ടിയാൽ അതു പ്രകടിപ്പിക്കാൻ കരയണമോ ശ്യാമേ.. ? ഇന്നയാളെന്താണേന്നോടു ചോദിച്ചതെന്താണെന്നറിയുമോ.. ? ഞാനെന്തേ നിന്നോടെന്നെ തുറന്നു കാട്ടിയില്ലെന്ന് ? അപ്പോൾ ആറു ദിവസങ്ങൾ അയാളുടെ മുന്നിലിരുന്നിട്ടും അയാൾക്കുമെന്നെ മനസ്സിലായിട്ടില്ലേ? എന്നേ നിനക്കു തന്ന എന്നെ തുറന്നുകാണിക്കാൻ

എന്റെ കയ്യിലേവിടെയാണിനി ഞാൻ.. ? അതിനാണോ ഇക്കണ്ട വർഷങ്ങളിൽ നിന്റെ മുന്നിൽ ഞാനല്ലാതെ ഞാൻ നിന്നത് ? എന്നും കാലത്തമ്പലത്തിൽ ഒരു പ്രദക്ഷിണം കൂടുതൽ വച്ചത്. നിനക്കൊരു ചീത്തപ്പേരു ഞാൻ വരുത്തുമോ?

ശ്യാമേ... നിന്റെ പ്രേമം അച്ഛനെക്കൊണ്ടംഗീകരിപ്പിക്കാൻ നീയെന്നെ കരുവാക്കിയപ്പോൾ ഞാൻ സ്വയം മുറിവേല്പ്പിക്കുകയായിരുന്നു. അതു നീയറിയരുതെന്നു ഞാനാഗ്രഹിച്ചത് നാട്ടുകാരെ പേടിച്ചിട്ടല്ല . നീ ദുഃഖി ച്ചാൽ, അതു താങ്ങാൻ എനിക്കു കെല്പില്ലാഞ്ഞിട്ടാണ്. നിന്നോടെന്നെ തുറന്നു കാണിക്കാതിരുന്നതിൽ ഞാനല്പമെങ്കിലും സന്തോഷിച്ചതും അതു നിന്നെ സങ്കടപ്പെടുത്തുമായിരുന്നെന്നു മനസ്സിലാക്കിയ അപ്പോൾ മാത്രമാണ്. ആ തുറന്നു പറച്ചിൽ എന്റെ പ്രാണനെ എന്നിൽനിന്നകറ്റുമോ എന്ന ഭയമായിരുന്നു അന്നു വരെ എനിക്ക്. നിനക്കിഷ്ടം തോന്നാത്ത എന്നെ, അന്നു മുതൽ എനിക്കും വേണ്ടാതായി . പക്ഷേ, നിന്റെ പ്രേമത്തിനൊപ്പം നീ പടിയിറ ങ്ങിയപ്പോൾ എന്റെ എന്നെ എനിക്കു നഷ്ടപ്പെടുന്നതു വരെയും ഞാൻ നിന്റെ ഏട്ടനായി നിന്നു. ശ്യാമേ.... ഇനി വയ്യ....

ഇന്നയാൾ പറയുകയാണ് , സമൂഹമാണീ ബന്ധത്തിൽ പാപമാരോപിക്കുന്നതെന്ന്. ഇതിൽ പാപമില്ലെന്ന്. എന്റെ പ്രാണനെ വേദനിപ്പിക്കുന്നതിൽ കവിഞ്ഞ പാപം എന്താണുള്ളത്..? അതിനിയും മനസ്സിലാകാത്ത അയാൾ ഒരു കൌൺസിലറാണത്രേ..! ഒരു ക്ലിനികൽ സൈക്കോളജിസ്റ്റ് വന്നിരിക്കുന്നു. അല്ലെങ്കിലും ഒരു സൈക്കോളജിസ്റ്റിനു ചേർന്നതാണോ അയാളാ പറഞ്ഞ വാക്കുകൾ.. ? കൌൺസിലിങ്ങിനു വിധേയനാകുന്നവനോടു തന്മയത്വം പ്രാപിച്ചാൽ ഒരു കൌൺസിലർക്കു പിന്നെ എന്താണു നിലനില്പ്? ശ്യാമേ...ഒരു സൈക്കോളജിസ്റ്റ് അരോടെങ്കിലും അയാൾ പറയുന്നതിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുമെന്നു നീ കരുതുന്നുണ്ടോ.. ?അയാളുടെ ജോലി ഒരു പുതിയ വഴിതുറന്നുകൊടുക്കലാണെന്നാണു് ഞാൻ വിചാരിച്ചിരുന്നത്. എന്നിട്ടാണയാളെന്നോട് പാപപുണ്യങ്ങളെപ്പറ്റി പറയുന്നത്... നീ പറയുന്നതല്ലേ ശ്യാമേ എനിക്കു പാപവും പുണ്യവും..? ഞാൻ ഫുട്ബോൾ കളിക്കണമത്രേ...! ഞാനില്ലാത്ത ഞാൻ ഇനി എന്തു കളിച്ചിട്ടെന്താണ്..!

എന്നോടു ക്ഷമിക്കൂ ശ്യാമേ... എന്റെ എല്ലാമായതിനു ശേഷം എനിക്കു വേണ്ടി നീയെടുക്കാത്ത ആദ്യ തീരുമാനമായിരുന്നു അയാളുടെ മുന്നിൽ എന്നെ കൊണ്ടു നിർത്തിയത്. നീയില്ലാതെ ഞാനുണ്ടായേക്കാം എന്ന വികല ധാരണയായിരുന്നു അത്. നീയില്ലാതെ ഞാനില്ല ശ്യാമേ.. ഇനി ഞാനയാളെ കാണുന്നില്ല.

ഞാനാ പേപ്പർവെയ്റ്റ് എടുത്തെറിഞ്ഞത് അയാളുടെ നെറ്റി മുറിയാനായിരുന്നില്ല. എനിക്കു മരുന്നു കഴിക്കേണ്ടി വന്നേക്കാ മെന്നു പറയാതെ പറയുന്ന, എന്നാലും മാറാൻ സാധ്യതയില്ലാത്ത രോഗമാണെന്നു നേരിട്ടു പറയാൻ മടിക്കുന്ന അയാളൊരു സൈക്കോളജിസ്റ്റല്ലെന്നു മനസ്സിലാക്കിക്കൊടുക്കാൻ മാത്രമായിരുന്നു. നീയൊരു രോഗമാണെങ്കിൽ ആരോഗത്തിനു ഞാൻ മരുന്നു കഴിക്കുമോ ശ്യാമേ... ? ഒരിക്കലുമില്ല... പക്ഷേ, നീയെന്റെ രോഗമാണെന്ന് നീ യറിഞ്ഞില്ലല്ലോ…? ഇനി നീ ഒരിക്കലും അറിയുകയുമില്ല. നിനക്കു കാണാൻ കിട്ടാത്ത എന്റെ മറ്റു ഡയറികളോടൊപ്പം ഇതും അതു നിശ്ശബ്ദമായി പറഞ്ഞുകൊണ്ടിരിക്കും- ശ്യാമേ.. നീയായിരുന്നു എന്റെ രോഗമെന്ന് ; നീയെന്റെ രോഗമായിരുന്നെന്ന്.